**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - താമരക്കുളം ഗ്രാമ പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ IAY പദ്ധതി പ്രകാരം ധനസഹായം നല്കിയതിലെ ക്രമക്കേട്- ശ്രീ. ജൂൾഫിൻ.എ.യോഗി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, ശ്രീമതി. റൂബി, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, ശ്രീ. കെ.എസ്.പ്രതാപ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്ത്, ശ്രീ.കെ.മോഹനൻ, ബ്ലോക്ക്ഡവലപ്പ്മെന്റ് ഓഫീസർ, ഭരണിക്കാവ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം.1677/2017/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,22/05/2017

പരാമർശം:
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.10.2014 ലെ നം.E4(QV4/14/ALP)15533/2014 നമ്പർ കത്ത്.
2. 31/05/2015 ലെ ഇ.ആർ.ബി3/5/2015 ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത്.
3. ശ്രീ. ജൂൾഫിൻ യോഗി, ശ്രീമതി. റൂബി, ശ്രീ. കെ.എസ്.പ്രതാപ് , ശ്രീ.മോഹനൻ.കെ, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ഭരണിക്കാവ് എന്നിവർക്ക് നൽകിയ 31.05.2015 ലെ കുറ്റപത്രികയും കുറ്റാരോപണ പത്രികയും
4. ഗ്രാമവികസന കമ്മീഷണറുടെ 14.12.2015, 15.10.2016,എന്നീ തീയതികളിലെ നം. 11414/എസ്റ്റാ എ 2/2015/സി.ആർ.ഡി നമ്പർ കത്ത്.
5. സ.ഉ.(സാധ)നം. 1462/2016/തസ്വഭവ, തീയതി. 15.04.2016
6. ശ്രീമതി. റൂബി.ബി സമർപ്പിച്ച 08.07.2015 ലെ പ്രതിവാദ പത്രിക.
7. ശ്രീ.മോഹനൻ.കെ സമർപ്പിച്ച 09.07.2015 ലെ പ്രതിവാദ പത്രിക
8. ശ്രീ. കെ.എസ്.പ്രതാപ് സമർപ്പിച്ച 10.07.2015 ലെ പ്രതിവാദ പത്രിക.
9. ശ്രീ. ജൂൾഫിൻ.എ.യോഗി സമർപ്പിച്ച 11.07.2015 ലെ പ്രതിവാദ പത്രിക.

**<u>ഉത്തരവ്</u>**

താമരക്കുളം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ IAY പദ്ധതി പ്രകാരം ധനസഹായം നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1) ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.ജൂൾഫിൻ.എ.യോഗി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, ശ്രീമതി. റൂബി, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, ശ്രീ. കെ.എസ്.പ്രതാപ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്ത്, ശ്രീ.കെ.മോഹനൻ, ബ്ലോക്ക്ഡവലപ്പ്മെന്റ് ഓഫീസർ, ഭരണിക്കാവ്

എന്നിവർക്ക് പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും കുറ്റപത്രവും കുറ്റാരോപണ. പത്രികയും നല്കുകയുണ്ടായി. ഇതിനെതിരെ ടി ഉദ്യോഗസ്ഥന്മാർ പരാമർശം (6-9) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിച്ചു.

2. പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം നടത്താതെ തന്നെ ശ്രീമതി.സുഹറാബീവി ശ്രീമതി.സൗദാബീവി എന്നീ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു എന്നും അതിന് മേൽപ്പറഞ്ഞ ജീവനക്കാരാണ് ഉത്തരവാദികൾ എന്നും വിജിലൻസ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

3. 2011-2012 വർഷമാണ് IAY ഭവന നിർമ്മാണ സഹായം 75,000/- രൂപയിൽ നിന്ന് 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചതെന്നും ഇത് വീടിന്റെ അപേക്ഷകളുടെ ഒരു ബാഹുല്യം സൃഷ്ടിച്ചിരുന്നുവെന്നും ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും സ്ഥലം സന്ദർശിച്ച് പരിശോധിച്ചാണ് റിപ്പോർട്ട് നല്കിയിരുന്നതെന്നും ശ്രീ.ജുൾഫിൻ.എ.യോഗി ബോധിപ്പിച്ചു. ശ്രീമതി.സൗദാബീവി എന്ന ഗുണഭോക്താവ് 12-ാം വാർഡ് മെമ്പർ ശ്രീമതി.റസിലത്തിന്റെ മാതാവാണെന്നും വാർഡ് മെമ്പറാണ് മാതാവായ ശ്രീമതി.സൗദാബീവിയേയും അയൽക്കാരിയായ ശ്രീമതി.സുഹറാ ബീവിയേയും അപേക്ഷകളുമായി ഓഫീസിൽ കൊണ്ടുവന്നിട്ടുള്ളതെന്നും ടി ആളുകളുടെ വീട് സന്ദർശിച്ചപ്പോൾ രണ്ടുപേരും ഭവനം നിർമ്മിക്കുന്നതിനുള്ള സാധന സാമഗ്രികൾ ഇറക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ തുടർനടപടികൾ സ്വീകരിച്ചതായും പിന്നീട് വാർഡ് മെമ്പർ തന്നെ ടി ആളുകളെ ഫൗണ്ടേഷന്റെ ഫോട്ടോയുമായി ഓഫീസിൽ കൊണ്ടു വന്നപ്പോൾ വാർഡ് മെമ്പറുടെ വാക്ക് വിശ്വസിച്ചതായും മാർച്ചിലെ തിരക്കുമൂലം സ്ഥലം സന്ദർശിക്കാൻ സാധിച്ചില്ലെന്നും ഫോട്ടോ ഉൾപ്പെടുന്ന റിപ്പോർട്ട് ബ്ലോക്കിലേക്ക് അയച്ചതായും ശ്രീ. ജുൾഫിൻ.എ.യോഗി പരാമർശം (9) പ്രകാരം ബോധിപ്പിച്ചു.

4. ഗുണഭോക്താക്കൾ സമർപ്പിച്ച ഫൗണ്ടേഷന്റെ ഫോട്ടോകൾ രണ്ടു ഘട്ടങ്ങളിൽ ലഭിച്ചതിനാൽ രണ്ടും ഒന്നാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ലെന്നും എല്ലാ ഫയലുകളുടേയും ചിത്രങ്ങൾ താരതമ്യപ്പെടുത്തി പരിശോധിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ട് ഉണ്ടായിരുന്നതായും വീടുകളുടെ നിർമ്മാണഘട്ടത്തിലെ ഫോട്ടോകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തി നല്കിയിരുന്നതിനാൽ സംശയിക്കേണ്ട സാഹചര്യം ഇല്ലായിരുന്നുവെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നേരിൽ ബന്ധപ്പെട്ട് വസ്തുതകൾ ശരിയാണോയെന്ന് അന്വേഷിച്ചിട്ടാണ് ധനസഹായത്തിന് ശുപാർശ നല്കിയതെന്നും തനിക്ക് യാതൊരുവിധ ദുരുദ്ദേശവുമുണ്ടായിരുന്നില്ലെന്നും ശ്രീമതി. ബി. റൂബി പരാമർശം (6) പ്രകാരം ബോധിപ്പിച്ചു.

5. ശ്രീ. ജുൾഫിൻ.എ.യോഗി നല്കിയ പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സുഹറാബീവിക്ക് ഗഡു പൂർണ്ണമായും നല്കാൻ കഴിയാതെ വന്നപ്പോൾ ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസർ മുമ്പാകെ വീണ്ടും പൂർത്തീകരണ സർട്ടിഫിക്കറ്റ് താൻ സമർപ്പിച്ചിട്ടുള്ളതാണെന്നും തന്റെ മുൻഗാമി നൽകിയ പൂർത്തീകരണ റിപ്പോർട്ട് ഉത്തമ വിശ്വാസത്തിലെടുത്തതിനാലാണ് വീട് നേരിട്ട് പരിശോധിക്കാതിരുന്നതെന്നും ശ്രീമതി.സുഹറാബീവിക്ക് അവിഹിതമായി തുക നൽകിയ വിഷയത്തിൽ തനിക്ക് പങ്കും ഉത്തരവാദിത്വവും ഇല്ലെന്നും ശ്രീമതി. സൗദാബീവിയുടെ പൂർത്തീകരണ റിപ്പോർട്ട് നല്കിയത് താനാണെന്നും ശ്രീ.കെ.എസ്.പ്രതാപ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരാമർശം (8) പ്രകാരം ബോധിപ്പിച്ചു.

6. ശ്രീ. ജൂൾഫിൻ.എ.യോഗി, ശ്രീ.കെ.എസ്.പ്രതാപ്; ശ്രീമതി. ബി. റൂബി എന്നിവരുടെ ശുപാർശ പ്രകാരമാണ് അർഹതപ്പെട്ട തുക താൻ ശ്രീമതി. സുഹഹാ ബീവി, ശ്രീമതി. സൗദാബീവി എന്നിവർക്ക് അനുവദിച്ചതെന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.മോഹനൻ പരാമർശം (7) പ്രകാരം ബോധിപ്പിച്ചു.

7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന നിലയിൽ ശ്രീ. ജൂൾഫിൻ എ.യോഗി കൃത്യനിർവ്വഹണം കുറ്റമറ്റവിധം നിർവ്വഹിച്ചിട്ടില്ലായെന്നും വ്യാജഫോട്ടോ നിർമ്മിക്കൽ, രേഖകൾ പരിശോധിക്കാതെയും സ്ഥല പരിശോധന നടത്താതെയും ധനസഹായം അനുവദിക്കൽ മറ്റുള്ളവരുടെ സ്വാധീനത്താൽ സർക്കാർ പണം ദുരുപയോഗം ചെയ്യുക തുടങ്ങി കൃത്യവിലോപങ്ങൾ ടിയാളിൽനിന്നും ഉണ്ടായിട്ടുള്ളതായും ശ്രീ.ജൂൾഫിൻ എ യോഗി സ്ഥലം സന്ദർശനം നടത്താതെ നല്കിയ റിപ്പോർട്ട് വിശ്വസിച്ചതാണ് ശ്രീ.കെ.എസ്. പ്രതാപിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടാവാൻ കാരണമെന്നും ശ്രീമതി.റൂബി പരോക്ഷമായി ഈ കൃത്യവിലോപത്തിൽ ഉൾപ്പെട്ടയാളാണെന്ന നിഗമനത്തിലെ- ത്താവുന്നതാണെന്നും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ.കെ.മോഹനന്റെ ഭാഗത്ത് നിന്നും സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ടെന്നും പരാമർശം (4) ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

8. ശ്രീ.ജൂൾഫിൻ.എ.യോഗി, ശ്രീ.കെ.എസ്.പ്രതാപ്, ശ്രീമതി.ബി.റൂബി, ശ്രീ.കെ.മോഹനൻ എന്നിവർക്കെതിരെ 1960 ലെ KCS (CC&A)Rule 15 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡെവലപ്പ് കമ്മീഷണർ ശ്രീ. ആർ.രാധാകുമാറിനെ പരാമർശം (5) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു .

9. എക്സ്റ്റൻഷൻ ഓഫീസർ, ഹൗസിംഗ് ആയി ചുമതലയുണ്ടായിരുന്ന ശ്രീമതി.റൂബിയും പ്രധാന ഫീൽഡ് ലെവൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.ജൂൾഫിൻ.എ.യോഗിയും കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായും സംഭവം നടക്കുമ്പോൾ ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസ് പരിചയമുള്ള ആളാണെന്നത് പരിഗണിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.എസ്.പ്രതാപിന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ. മോഹനൻ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ വസ്തുതകൾ വിലയിരുത്തുമ്പോൾ ശ്രീ.കെ.മോഹനന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. ആർ.രാധാകുമാർ ശുപാർശ ചെയ്തു.

10. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താമരക്കുളം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ IAY പദ്ധതി പ്രകാരം അനർഹരായ ആളുകൾക്ക് ധന സഹായം നൽകിയതിൽ ബ്ലോക്ക്ഡവലപ്പ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ.മോഹനൻ കുറ്റക്കാരനല്ലെന്നു കണ്ടെത്തിയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും കുറ്റക്കാരായ ശ്രീ.ജൂൾഫിൻ.എ.യോഗി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (വള്ളികുന്നം ഗ്രാമ പഞ്ചായത്ത്), ശ്രീ.കെ.എസ്.പ്രതാപ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്ത്), എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (i)(iii) പ്രകാരം സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ടി ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടും, ശ്രീമതി. റൂബി, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), (മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്) 31.08.2016 -ൽ

സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാരിക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ടും, ശ്രീമതി.സുഹറാ ബീവി, ശ്രീമതി.സൗദാബീവി എന്നിവർ അനർഹമായി കൈപ്പറ്റിയ യഥാക്രമം Rs.99625/-(തൊണ്ണൂറ്റൊൻപതിനായിരത്തി അറുനൂറ്റി ഇരുപത്തിയഞ്ച് മാത്രം), Rs.1,37,500/- (ഒരു ലക്ഷത്തി മുപ്പത്തേഴായിരത്തി അഞ്ഞൂറ് മാത്രം) വീതം ടിയാളുകളിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കികൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ ഐഎഎസ്**

**സെക്രട്ടറി**

1) ശ്രീ.ജുൾഫിൻ.എ.യോഗി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്),( ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ശ്രീമതി. റൂബി, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) ശ്രീ.കെ.എസ്.പ്രതാപ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്ത്), (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
5) ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
7) വിജിലൻസ് (ഇ) വകുപ്പ്
8) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ